Draft #1 of File 3256/1/2018/Election(Sub File) Approved by ASSISTANT REGISTRAR II ACADEMIC on 01-Apr-2019 08:51 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാല -2018-2019-ലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് - തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ / വിജ്ഞാപനം എന്നിവയിലെ ചെയർമാൻ വൈസ്-ചെയർമാൻ എന്നീ സ്ഥാനപ്പേരുകളിൽ മാറ്റം വരുത്തിക്കൊണ്ടുള്ള സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഇലക്ഷൻ സെക്ഷൻ**

നമ്പർ. 1392/Election/2019/എം.ജി.യു

പ്രിയദർശിനി ഹിൽസ്,തീയതി: 02.04.2019

---

പരാമർശം:-1. 11.09.2018 ൽ എം .ഇ .എസ് ടി .ഒ അബ്ദുള്ള മെമ്മോറിയൽ കോളേജ് പ്രിൻസിപ്പൽ സർവ്വകലാശാലയിൽ സമർപ്പിച്ച പരാതി

2. വൈസ്ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസറുടെ 03.01.2019 ലെ ഉത്തരവ്

3. 18.03.2019ലെ സിൻഡിക്കേറ്റ് യോഗം അജണ്ടയിലെ മിനിട്സ് ഇനം നമ്പർ 52/19.02/197014 തീരുമാനം

**ഉത്തരവ്**

29.08.2018ലെ 3256/1/2018 ഇലക്ഷൻ നമ്പർ വിജ്ഞാപനപ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ 2018-2019വർഷത്തെ വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പ് 11.09.2018 ൽ നടക്കുകയുണ്ടായി .

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥി യൂണിയൻ / ഡിപ്പാർട്ടമെന്റ് സ്റ്റുഡന്റ്സ് യൂണിയൻ / സർവ്വകലാശാലാ യൂണിയൻ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട സർവ്വകലാശാലയുടെ ഇലക്ഷൻ മാർഗ്ഗരേഖകൾ / വിജ്ഞാപനപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട ഭാരവാഹികളുടെ സ്ഥാനപ്പേരുകൾ യഥാക്രമം ചെയർമാൻ, വൈസ്-ചെയർമാൻ, ജനറൽ സെക്രട്ടറി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ്, മാഗസിൻ എഡിറ്റർ, ആർട്സ് ക്ലബ് സെക്രട്ടറി, ക്ലാസ് പ്രതിനിധികൾ, വനിതാ പ്രതിനിധികൾ എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

പാർലമെന്ററി രീതിയിൽ തെരഞ്ഞെടുപ്പ് നടത്തിവരുന്ന എം ഇ എസ് ടി.ഒ അബ്ദുള്ള മെമ്മോറിയൽ കോളേജ്, കുന്നുകര, ആലുവയിൽ യൂണിയൻ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ നാമനിർദേശപത്രികയിലെ "ചെയർമാൻ" "ചെയർപേഴ്സൺ" എന്നീ പദങ്ങൾ സംബന്ധിച്ച് സാങ്കേതിക തർക്കം ഉന്നയിക്കപ്പെട്ടതിനെത്തുടർന്ന് പരാമർശം (1) പ്രകാരം സർവ്വകലാശാലയിൽ പരാതി ലഭിക്കുകയുണ്ടായി. പരാമർശം (2) ഉത്തരവ് പ്രകാരം വൈസ്ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ വിഷയം സർവ്വകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനക്ക് സമർപ്പിച്ചു .

മേൽ വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് പരാമർശം (3) പ്രകാരം, സർവ്വകലാശാലയുടെ ഇലക്ഷൻ മാർഗ്ഗരേഖയിലെ "ചെയർമാൻ" എന്നത് "ചെയർപേഴ്സൺ" എന്നും, "വൈസ്-ചെയർമാൻ" എന്നത് "വൈസ് ചെയർപേഴ്സൺ " എന്നും തിരുത്തൽ വരുത്തുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

രമേഷ് നാരായൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി യുടെ പ്രൈവറ്റ് സെക്രട്ടറി / പി.വി.സി.യുടെ ഓഫീസ്
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
3. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ .(അക്കാഡമിക് / പരീക്ഷാ വിഭാഗങ്ങൾ )
4. എ.സി.എൽ വിഭാഗം
5. എ സി സി I &II വിഭാഗങ്ങൾ
6. എല്ലാ അക്കാഡമിക് വിഭാഗങ്ങളും
7. ഡി.എസ് .എസ്
8. കണ്ടെന്റ് മാനേജ്മെന്റ് വിഭാഗം
9. പി.ആർ .ഒ വിഭാഗം
10. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഫയൽ നമ്പർ 3256/1/2018/ഇലക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 3256/1/2018/Election(Sub File) Approved by ASSISTANT REGISTRAR II ACADEMIC on 01-Apr-2019 08:51 PM - Page 2